**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നമ്പർ : 3496**

**20.06.2018 ൽ**
**മറുപടിക്ക്**

## ജനമൈത്രി പോലീസ് സംവിധാനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി. പി. അയിഷാ പോറ്റി | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) ജനമൈത്രി പോലീസ് സംവിധാനം സംസ്ഥാനം മുഴുവനും വ്യാപകമാക്കിയതിന്റെ ഗുണഫലങ്ങൾ വിശദമാക്കുമോ; | എ) പോലീസിനെ ജനസൗഹൃദമാക്കുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ച കമ്മ്യൂണിറ്റി പോലീസിംഗിന്റെ കേരളീയ പതിപ്പാണ് ജനമൈത്രി സുരക്ഷാ പദ്ധതി. നിയമ പരിപാലനത്തിനും ക്രമസമാധാന പാലനത്തിനും പൂർണ്ണമായി ജനങ്ങളെ പങ്കെടുപ്പിച്ചു കൊണ്ടുള്ള പോലീസിംഗ് സംവിധാനമാണിത്.<br>ജനമൈത്രി പദ്ധതിയുടെ പ്രധാനപ്പെട്ട ഗുണഫലങ്ങൾ താഴെപ്പറയുന്നവയാണ്.<br>1. കുറ്റകൃത്യങ്ങൾ തടയൽ.<br>2. മെച്ചപ്പെട്ട പോലീസ് പൊതുജന സഹകരണം.<br>3. സുരക്ഷാ മേഖലയിൽ ജനങ്ങളുടെ പരസ്പര സഹകരണം.<br>4. മുതിർന്ന പൗരന്മാരുടെയും ശാരീരിക വൈകല്യങ്ങൾ ഉള്ളവരുടെയും പ്രത്യേക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി അത്തരം ആളുകൾ ഒറ്റയ്ക്കു താമസിക്കുന്ന വീടുകൾ മനസ്സിലാക്കി അവർക്കായി പ്രത്യേക പദ്ധതികൾ നടപ്പാക്കൽ, ഹെൽപ്പ് ലൈൻ രൂപീകരിക്കൽ.<br>5. സ്ത്രീകളുടേയും കുട്ടികളുടേയും സംരക്ഷണത്തിനാവശ്യമായ പ്രത്യേക പദ്ധതികൾ നടപ്പിലാക്കൽ.<br>6. ബോധവത്കരണ പ്രവർത്തനങ്ങൾ.<br>7. ട്രാഫിക് വാർഡൻ സമ്പ്രദായം.<br>8. സാമൂഹ്യ പ്രതിബദ്ധതയുള്ള ക്ലിനിക്കൽ സൈക്കോളജിസ്റ്റുകളെയും മറ്റും ഉൾപ്പെടുത്തിക്കൊണ്ട് കുടുംബപ്രശ്നങ്ങൾ, മദ്യപാനം തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കാൻ സഹായകമാകുന്ന കൗൺസലിംഗ് സെന്ററുകൾ സ്ഥാപിക്കൽ. |

9. തെരുവുവിളക്കുകൾ, ട്രാഫിക് സിഗ്നൽ ലൈറ്റുകൾ തുടങ്ങിയവയുടെ കേടുപാടുകൾ, അറ്റകുറ്റപ്പണികൾ തുടങ്ങിയവയെ സംബന്ധിച്ചുള്ള വിവരങ്ങൾ ബന്ധപ്പെട്ട അധികൃതരുടെ ശ്രദ്ധയിൽ കൊണ്ടുവരുക.
10. രക്തദാനം, നേത്രദാനം, അവയവദാനം തുടങ്ങിയവയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കൽ.
11. സ്കൂളുകൾ കേന്ദ്രീകരിച്ചുള്ള സുരക്ഷാ-ജാഗ്രത പദ്ധതികൾ.
12. സ്വയരക്ഷയ്ക്കായുള്ള കോഴ്സുകൾ സംഘടിപ്പിക്കൽ.
13. കുടുംബശ്രീ ഉൾപ്പെടെയുള്ള സ്വാശ്രയ സംഘങ്ങളേയും മറ്റും സംഘടിപ്പിച്ചു കൊണ്ട് സ്ത്രീകൾക്ക് പ്രത്യേകമായുള്ള പരിപാടികൾ.
14. അനധികൃത മദ്യവില്പനയും മയക്കുമരുന്നു വില്പനയും തടയുന്നതിനുള്ള പദ്ധതികൾ.
15. പരാതി കാർഡ് സമ്പ്രദായം.
16. ദുരന്ത നിവാരണ സന്നദ്ധ പ്രവർത്തനങ്ങൾ.
17. രക്ഷാപ്രവർത്തനം, ഫസ്റ്റ് എയിഡ്.

| | |
|---|---|
| ബി) ജനമൈത്രി സമിതിയുടെ ഘടന എന്താണ്; ജനമൈത്രി സമിതിയുടെ പങ്ക് കൂടുതൽ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും;വിശദാംശം വ്യക്തമാക്കുമോ; | ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ജനമൈത്രി പദ്ധതിയുടെ സുഗമമായ പ്രവർത്തനങ്ങൾക്കായി സംസ്ഥാന പോലീസ് മേധാവിയുടെ 25.08.2016 ലെ നടപടിക്രമം അനുസരിച്ച് പ്രോജക്ട് മാനേജ്മെന്റ് നോഡൽ കമ്മിറ്റി (PMNC) രൂപീകരിക്കുകയുണ്ടായി. ഈ കമ്മറ്റിയുടെ തീരുമാനങ്ങൾക്ക് വിധേയമായാണ് ജനമൈത്രി പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നത്. ജനമൈത്രി പദ്ധതി നടപ്പിലാക്കുന്ന എല്ലാ പോലീസ് സ്റ്റേഷനുകളിലും പദ്ധതി നടത്തിപ്പിനായി ഒരു ജനമൈത്രി സമിതി രൂപവൽക്കരിക്കേണ്ടതുണ്ട്. ജനമൈത്രി പോലീസ് പദ്ധതി അതതു പോലീസ് സ്റ്റേഷൻ പരിധിയിൽ നടപ്പിലാക്കുന്നതിനുള്ള ഉത്തരവാദിത്വം പ്രസ്തുത സമിതിക്കായിരിക്കും.<br>ജനമൈത്രി സുരക്ഷാ പദ്ധതിയുടെ പ്രധാന വിഭാഗമാണ് ജനമൈത്രി സുരക്ഷാ സമിതി. ജനമൈത്രി പോലീസ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലുള്ള ജനമൈത്രി സമിതിയിൽ പൗരപ്രമുഖർ, റസിഡന്റ്സ് അസ്സോസിയേഷൻ ഭാരവാഹികൾ എന്നിവർ അംഗങ്ങളായിരിക്കും. ഓരോ ബീറ്റ് മേഖലയിലും പ്രവർത്തിക്കുന്ന സമിതിയിൽ ആ പ്രദേശത്തെ സംബന്ധിച്ച വിപുലമായ ചർച്ചകൾ നടക്കും. കൂടാതെ ഓരോ കുടുംബത്തിലും ഉണ്ടാകുന്ന വ്യത്യസ്തമായ |

വിഷയങ്ങളെക്കുറിച്ച് ഗൃഹ സന്ദർശന വേളയിൽ ബീറ്റ് ഓഫീസർമാർ പ്രത്യേകമായി പരിഗണിക്കുകയും പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുകയോ എസ്.എച്ച്.ഒ മാരുടെ ശ്രദ്ധയിൽപ്പെടുത്തുകയോ ചെയ്യുന്നു. ഒരു പ്രദേശത്തെ സുരക്ഷയെ സംബന്ധിച്ചുള്ള കാര്യങ്ങൾ, കളവ്, പിടിച്ചുപറി, വ്യാജവാറ്റ് കൂടാതെ കുറ്റകൃത്യങ്ങൾ കുറയ്ക്കുന്നത് സംബന്ധിച്ചും സുരക്ഷാ ക്രമീകരണങ്ങളെ സംബന്ധിച്ചും മറ്റും പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള പരിപാടികൾ എന്നിവ ആസൂത്രണം ചെയ്യുന്നു. ഒരു പ്രദേശത്തെ സംഘടിത കുറ്റകൃത്യങ്ങൾ, പരിസ്ഥിതിയുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ എന്നിവയും ചർച്ച ചെയ്ത് കൂട്ടായി പരിഹാരമാർഗ്ഗങ്ങൾ തേടുന്നു. മാത്രമല്ല റസിഡന്റ്സ് അസ്സോസിയേഷനുകൾ ജനമൈത്രി പോലീസുമായി സഹകരിച്ച് മെഡിക്കൽ ക്യാമ്പ്, രക്തനിർണ്ണയ ക്യാമ്പ്, പാലിയേറ്റീവ് പ്രവർത്തനങ്ങൾ, സാംസ്കാരിക പരിപാടികൾ തുടങ്ങിയ ജനകീയ കൂട്ടായ്മകൾക്ക് നേതൃത്വം നൽകുന്നു. തന്മൂലം ജനങ്ങളെ പൂർണ്ണമായും പങ്കെടുപ്പിക്കാൻ കഴിയുന്നു. ഇപ്രകാരം റസിഡന്റ്സ് അസ്സോസിയേഷനുകളുടേയും ജനമൈത്രി പോലീസിന്റേയും നേതൃത്വത്തിൽ ഓരോ കുടുംബത്തിലും ഉണ്ടാകുന്ന വ്യത്യസ്തമായ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും വലിയൊരു പരിധി വരെ കഴിയുന്നു.

| | |
|---|---|
| സി) ജനമൈത്രി പോലീസ് സുരക്ഷ പദ്ധതിയുടെ ഗുണദോഷ ഫലങ്ങൾ വിലയിരുത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | സി) ജനമൈത്രി സുരക്ഷ പദ്ധതി നടപ്പിലാക്കിയ ശേഷം ജനങ്ങളുടെ സുരക്ഷയിലുണ്ടായ ഗുണപരമായ മാറ്റത്തെക്കുറിച്ചും അത് കേരളീയ സമൂഹത്തിൽ എപ്രകാരം പ്രതിഫലിച്ചു എന്നറിയുന്നതിനും തുടർന്ന് വരുത്തേണ്ട സൃഷ്ടിപരമായ ഭേദഗതികളെക്കുറിച്ചും മനസ്സിലാക്കുന്നതിനായി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ്, കെ.പി.എം.ജി അഡ്വൈസറി സർവ്വീസസ് തുടങ്ങിയ സ്ഥാപനങ്ങൾ മുഖാന്തിരം പഠനങ്ങൾ നടത്തിയിട്ടുണ്ട്. അവ കേരളാ പോലീസിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ (www.keralapolice.org) ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ